"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - നഗരകാര്യം- ജീവനക്കാര്യം- ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ പ്രകാശ് കുമാർ.വി-യും മറ്റുള്ളവരും ഫയൽ ചെയ്ത OA 1573/2025 നമ്പർ കേസിലെ 16.09.2025-ലെ വിധിന്യായം - പ്രൊവിഷണൽ സെക്രട്ടറിമാരെ റിവേർട്ട് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1452/2026/LSGD തീയതി,തിരുവനന്തപുരം, 06-08-2026

---

പരാമർശം:-

1. നഗരകാര്യവകുപ്പ് ഡയറക്ടറുടെ 17.11.2021- ലെ ഇ2-15003/2010നമ്പർ കത്ത്.
2. സ.ഉ(സാധാ)നം2111/2022/LSGD തീയതി 29.08.2022
3. സ.ഉ(സാധാ)നം2729/2022/LSGD തീയതി 08.11.2022
4. സ.ഉ(സാധാ)നം.3177/2022/LSGD തീയതി 23.12.2022
5. പ്രകാശ് കുമാർ.വി -യും മറ്റുള്ളവരും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി മുൻപാകെ സമർപ്പിച്ച 22.08.2025-ലെ പെറ്റീഷൻ(അനക്സർ7).
6. പ്രകാശ് കുമാർ.വി -യും മറ്റുള്ളവരും, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA1573/2025നമ്പർ കേസിലെ 16.09.2025-ലെ വിധിന്യായം
7. പ്രിൻസിപ്പൽ ഡയറക്ടറുടെ 18.09.2025, 14.03.2026 തീയതികളിലെ LSGD/PD/26303/2025/DEA3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പ്രകാശ് കുമാർ.വി -യും മറ്റ് 18 പേരും, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1573/2025-മേലുള്ള 16.09.2025-ലെ ട്രിബ്യൂണലിന്റെ ഉത്തരവിൽ ഒന്നാം റെസ്പോണ്ടന്റായ സർക്കാരിനോട് പരാതിക്കാർ പരാമർശം (5) പ്രകാരം സർക്കാരിൽ സമർപ്പിച്ചിട്ടുള്ള നിവേദനം(Annexure-A7) പരിഗണിക്കുവാനും മൂന്ന് മാസത്തിനകം തീരുമാനമെടുക്കുവാനും ഉത്തരവായിരുന്നു.

2. പരാമർശം (5) പ്രകാരം ലഭ്യമാക്കിയ അപേക്ഷയിൽ, 3 വർഷങ്ങളായി ജോലിയിൽ തുടരുന്ന 19 പ്രൊവിഷണൽ സെക്രട്ടറിമാരുൾപ്പെടെ 49 മുനിസിപ്പൽ സെക്രട്ടറി തസ്തികകളും ഗവൺമെന്റ് ഉത്തരവ് പ്രകാരം 55200-105300 എന്ന ശമ്പള സ്കെയിലിൽ നിന്നും, അപ്ഗ്രേഡ് ചെയ്ത് 66500-118100 എന്ന ശമ്പള സ്കെയിൽ ആയി മാറ്റിയിട്ടുള്ളതാണെന്നും എന്നാൽ LSG

തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനായി 51400-110300 ശമ്പള സ്കെയിലിൽ ഇപ്പോൾ കേരള പി.എസ്.സി. തയ്യാറാക്കിയിട്ടുള്ള റാങ്ക് പട്ടികയിൽ നിന്നും ബൈട്രാൻസ്ഫർ നിയമനത്തിനായുള്ളതും, ഇപ്പോൾ ടിയാളുകൾ തുടരുന്നതുമായ തസ്തികയിലേക്ക് അവരെ പിരിച്ചുവിട്ട് നിയമനം നടത്തുമെന്ന് അറിയുന്നതായും ആയത് സ്പെഷ്യൽ റൂൾസിന്റെ ലംഘനമാണെന്നും, പുതിയ സ്പെഷ്യൽ റൂൾസിലെ റൂൾ 12 പ്രകാരം മുൻപുണ്ടായിരുന്ന 5 വകുപ്പുകളിലെയും ജീവനക്കാർക്ക് ലഭിച്ചിരുന്ന ആനുകൂല്യം സംരക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും പി.എസ്.സി. വഴി ബൈട്രാൻസ്ഫർ നിയമനം നടക്കുന്നതുവരെ ടിയാളുകളെ പ്രസ്തുത തസ്തികയിൽ തുടരാൻ അനുവദിക്കണമെന്നും, ടി നിയമനം റെഗുലറൈസ് ചെയ്ത് തരുവാൻ ഏതെങ്കിലും നിയമ സംവിധാനം അനുവദിക്കുമെങ്കിൽ ആയതു ചെയ്ത് തരണമെന്നു ഹർജിക്കാർ അഭ്യർത്ഥിച്ചിരുന്നു.

3. മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിലെ നിയമനത്തിനുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ മുനിസിപ്പൽ സെക്രട്ടറിമാരുടെ ഒഴിവുകൾ നികത്താത്തതുമൂലം മുനിസിപ്പാലിറ്റികളിൽ ഭരണപരമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന സാഹചര്യം നിലവിലുള്ളതായും, കേരള പി.എസ്.സി വഴിയുള്ള നിയമനത്തിന് കാലതാമസം വരുമെന്നതിനാൽ പി.എസ്.സി മുഖേന സ്ഥിര നിയമനം നടത്തുന്നതുവരെ നിലവിലുള്ള ഒഴിവുകൾ താൽക്കാലികമായി നികത്തുന്നതിനായി ടി ഒഴിവുകളിലേയ്ക്ക് പ്രൊവിഷണൽ സെക്രട്ടറിമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം നഗരകാര്യവകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ഭരണപരമായ സൗകര്യാർത്ഥം, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവുകളിലേക്ക് താൽക്കാലികമായി നിയമനം നടത്തുന്നതിന് നിശ്ചിത യോഗ്യതയുള്ള നഗരസഭാ/നഗരകാര്യ വകുപ്പ് ജീവനക്കാരിൽ നിന്നും ഇന്റർവ്യൂ ചെയ്ത് റാങ്ക് ലിസ്റ്റ് തയ്യാറാക്കി ആയതിൽ നിന്ന് ജീവനക്കാരെ പരാമർശം (2), (3) & (4) പ്രകാരം പ്രൊവിഷണൽ സെക്രട്ടറിമാരായി നിയമിക്കുകയുണ്ടായി. മുനിസിപ്പൽസെക്രട്ടറി ഗ്രേഡ്-III തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാതിരുന്ന സാഹചര്യത്തിലാണ് താൽക്കാലിക സംവിധാനമെന്ന നിലയിൽ പ്രൊവിഷണൽ സെക്രട്ടറിമാരുടെ, മേൽ നിയമനം നടത്തിയിട്ടുള്ളത്. ടി സർക്കാർ ഉത്തരവുകൾ പ്രകാരമാണ് പ്രൊവിഷണൽ സെക്രട്ടറിമാരെ നിയമിച്ചിരിക്കുന്നത് എന്നതിനാൽ ടി ജീവനക്കാരെ റിവേർട്ട് ചെയ്യുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമാണെന്ന് പരാമർശം (7) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാതിരുന്ന സാഹചര്യത്തിലാണ് താൽക്കാലിക സംവിധാനമെന്ന നിലയിൽ പ്രൊവിഷണൽ സെക്രട്ടറിമാരുടെ മേൽ നിയമനം നടത്തിയിട്ടുള്ളത്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് നേരിട്ടുള്ള നിയമനത്തിന് Secretary, Local Self Government Institutions തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് പി എസ് സി പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി തസ്തികയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് പി എസ് സി അഡ്വൈസ് മെമ്മോ നൽകി തുടങ്ങിയിട്ടുണ്ട്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾക്ക് ഒഴിവുകളുടെ അടിസ്ഥാനത്തിൽ നിയമനം നൽകേണ്ടതായിട്ടുണ്ട്. നേരിട്ടുള്ള നിയമനത്തിനായി 16 ഒഴിവുകളും ബൈട്രാൻസ്ഫർ

നിയമനത്തിനായി 11 ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ പ്രൊവിഷണൽ സെക്രട്ടറിമാരായി നിയമിച്ചിരിക്കുന്ന ജീവനക്കാരെ നിലനിർത്താൻ സാധിക്കുകയില്ല. പരാതിക്കാർക്ക് അവർ മുൻപ് സേവനമനുഷ്ഠിച്ചിരുന്ന തസ്തികയിൽ നിന്നുള്ള സ്ഥാനക്കയറ്റത്തിനാണ് അർഹതയുള്ളത്. താൽക്കാലിക സംവിധാനമെന്ന നിലയിലാണ് പ്രൊവിഷണൽ സെക്രട്ടറിമാരുടെ നിയമനം നടത്തിയിട്ടുള്ളത് എന്നതിനാൽ സ്പെഷ്യൽ റൂൾസ് ചട്ടം 12 പ്രകാരമുള്ള സംരക്ഷണം ടി നിയമനത്തിന് ബാധകമല്ല.

5. മേൽ സാഹചര്യത്തിൽ പരാമർശം (2),(3)&(4) ഉത്തരവുകൾ പ്രകാരം നിയമിതരായ ചുവടെ ചേർത്തിരിക്കുന്ന നിലവിലെ പ്രൊവിഷണൽ മുനിസിപ്പൽ സെക്രട്ടറിമാരെ അടിയന്തിരമായി റിവേർട്ട് ചെയ്യുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമനം. | പ്രൊവിഷണൽ സെക്രട്ടറി |
|---|---|
| 1 | ശ്രീമതി.വിജില.എം. |
| 2 | ശ്രീമതി.അനിത.ഇ.ബി |
| 3 | ശ്രീ.മനോജ്കുമാർ.കെ |
| 4 | ശ്രീ.രാഗേഷ് പലേരിവീട്ടിൽ |
| 5 | ശ്രീമതി.പ്രിയ.വി.റ്റി |
| 6 | ശ്രീ.സജിറൂൺ.എസ് |
| 7 | ശ്രീ.കുമാർ.ആർ |
| 8 | ശ്രീ.ഷമീർ മുഹമ്മദ് ബി |
| 9 | ശ്രീമതി.കൃഷ്ണകുമാരി.പി.ബി |
| 10 | ശ്രീ.ശ്രീജിത്ത്.പി |
| 11 | ശ്രീ.പ്രകാശ് കുമാർ.വി |
| 12 | ശ്രീ.സുബൈർ.കെ.പി |
| 13 | ശ്രീ.അനിൽകുമാർ.സി |
| 14 | ശ്രീ.മിത്രൻ.ജി |
| 15 | ശ്രീമതി.ഷീബ.എസ് |
| 16 | ശ്രീ.കെ.എം.സൈനുദ്ദീൻ |
| 17 | ശ്രീ.രാജേഷ്.പി.എസ് |
| 18 | ശ്രീമതി. സിമി.എച്ച് |

6. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ നിന്നുള്ള സെക്രട്ടറി, LSGI തസ്തികയിലേയ്ക്കുള്ള അഡ്വൈസ് മെമ്മോ ലഭ്യമാകുന്ന മുറയ്ക്ക് പ്രൊവിഷണൽ സെക്രട്ടറിമാരെ റിവർട്ട് ചെയ്യേണ്ടതാണ്.

7. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16.09.2025-ലെ OA 1573/2025 മേലുള്ള വിധിന്യായം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രകാശ് കുമാർ.വി & അദേഴ്സ്, പ്രൊവിഷണൽ സെക്രട്ടറിമാർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ(LSGD-EU1/127/2025-LSGD)

ഉത്തരവിൻ പ്രകാരം
Digitally signed by
Sonu Jacob
Date: 06-08-2026
15:49:37
സെക്ഷൻ ഓഫീസർ